**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1388** **04-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിൽ പുതുതായി പ്രവേശനം നേടിയ വിദ്യാർത്ഥികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2022-2023 അദ്ധ്യയന വർഷത്തിൽ പുതുതായി എത്ര വിദ്യാർത്ഥികളാണ് പൊതുവിദ്യാലയങ്ങളിലേക്ക് പ്രവേശനം നേടിയതെന്ന വിവരം ലഭ്യമാണോ; ഉണ്ടെങ്കിൽ വിദ്യാർത്ഥികളുടെ എണ്ണം നൽകാമോ; | (എ) | 2022-23 അധ്യയന വർഷത്തിൽ സർക്കാർ മേഖലയിൽ 12,73,014 ഉം എയ്ഡഡ് മേഖലയിൽ 22,26,349 ഉം അൺ എയ്ഡഡ് (അംഗീകൃതം) മേഖലയിൽ 3,33,032 ഉം ആയി ആകെ 38,32,395 വിദ്യാർത്ഥികളാണ് പൊതുവിദ്യാലയങ്ങളിലേക്ക് പ്രവേശനം നേടിയത്. |
| (ബി) | കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എത്ര വിദ്യാർത്ഥികൾ പുതുതായി പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയിട്ടുണ്ട്;വിശദമാക്കാമോ; | (ബി) | 2022-23 അധ്യയനവർഷം പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ പുതുതായി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം 3,03,168 ആണ്. കൂടാതെ 2022-23 അധ്യയനവർഷം 2 മുതൽ 10 വരെ ക്ലാസ്സുകളിലായി മുൻ അധ്യയനവർഷം നിലവിൽ ഉണ്ടായിരുന്ന കുട്ടികൾക്ക് പുറമേ സർക്കാർ മേഖലയിൽ 44,915 ഉം, എയ്ഡഡ് മേഖലയിൽ 75,055 ഉം ഉൾപ്പെടെ ആകെ 1,19,970 വിദ്യാർത്ഥികൾ പുതുതായി പ്രവേശനം നേടിയിട്ടുണ്ട്. |
| (സി) | പൊതുവിദ്യാലയങ്ങളിൽ ഓരോ വർഷവും സർക്കാർ നടത്തുന്ന അടിസ്ഥാന സൗകര്യവികസനങ്ങളും മറ്റ് പരിഷ്കാരങ്ങളും കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കാൻ കാരണമാക്കുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;വിശദമാക്കാമോ? | (സി) | വിലയിരുത്തിയിട്ടുണ്ട്. വിദ്യാകിരണം പദ്ധതി, സമഗ്രശിക്ഷാ കേരള, കൈറ്റ്, എസ്.സി.ഇ.ആർ.ടി, എസ്.ഐ.ഇ.ടി. തുടങ്ങി പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ ആവിഷ്കരിച്ച നടപ്പിലാക്കുന്ന നിരവധി പദ്ധതികളും ഓരോ വർഷവും സർക്കാർ നടപ്പിലാക്കിവരുന്ന പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യവികസനങ്ങളും പൊതുവിദ്യാലയ ങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിന് കാരണമാകുന്നു. ഗുണമേന്മാവിദ്യാഭ്യാസം കുട്ടിയുടെ അവ കാശം എന്ന കാഴ്ചപ്പാടിന് അനുസൃതമായി നടപ്പിലാക്കിയ ഏറ്റവും മികച്ച അക്കാദമിക അന്തരീക്ഷവും അക്കാദമിക പ്രവർത്തന ങ്ങളും കുട്ടികളെ പൊതുവിദ്യാലയങ്ങളി ലേക്ക് ആകർഷിക്കുന്നു. |

സെക്ഷൻ ഓഫീസർ